രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം
7

# ലൈംഗിക വിശുദ്ധി



നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ (1കൊറി 3:16-17).



1. ലൈംഗികതയുടെ അർത്ഥവും ലക്ഷ്യവും
2. ലൈംഗിക വിശുദ്ധി
3. ലൈംഗിക വിശുദ്ധിക്കെതിരായ പാപങ്ങൾ
4. ലൈംഗിക വിശുദ്ധി പാലിക്കാൻ സഹായകമായ കാര്യങ്ങൾ

# ലൈംഗികതയുടെ അർത്ഥവും ലക്ഷ്യവും

- സ്ത്രീയോ പുരുഷനോ ആയിരിക്കുക എന്നതാണ് ലൈംഗികതയുടെ അടിസ്ഥാനം.



# ലൈംഗിക വിശുദ്ധി

- ദൈവം നൽകിയിരിക്കുന്ന ലൈംഗികമായ കഴിവുകളെ അവിടുന്ന് ആഗ്രഹിക്കുന്ന രീതിയിൽ പക്വമായി ഉപയോഗിക്കുന്നതാണ് ലൈംഗിക വിശുദ്ധി. വിവാഹിതർ വിവാഹബന്ധത്തിൽ വിശ്വസ്തരായി ലൈംഗിക വിശുദ്ധി പാലിക്കുന്നു. സമർപ്പിതർ ബ്രഹ്മചര്യം പാലിച്ച് അവിഭക്ത ഹൃദയത്തോടെ തങ്ങളെത്തന്നെ സമർപ്പിച്ചു ലൈംഗിക വിശുദ്ധി പാലിക്കുന്നു. അവിവാഹിതരാകട്ടെ ധാർമ്മിക നിയമങ്ങൾ പാലിച്ച് ജീവിച്ചാണ് ലൈംഗിക വിശുദ്ധി പാലിക്കുന്നത്.
- കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധി സംരക്ഷിക്കുകയാണ് ആറാം പ്രമാണത്തിന്റെ ഉദ്ദേശ്യം.

## ലൈംഗിക വിശുദ്ധിക്കെതിരായ പാപങ്ങൾ

- വിശുദ്ധിക്ക് ഭംഗം വരുത്തുന്നവയാണ് സ്വയംഭോഗം, സ്വവർഗ്ഗഭോഗം, വ്യഭിചാരം, വേശ്യാവൃത്തി, ബലാത്സംഗം മുതലായ തിന്മകൾ.

# ലൈംഗിക വിശുദ്ധി പാലിക്കാൻ സഹായകമായ കാര്യങ്ങൾ

താഴെപ്പറയുന്ന കാര്യങ്ങൾ വിശുദ്ധി പാലിക്കുവാൻ നമ്മെ സഹായിക്കും.

- അശ്ലീല സംസാരവും പ്രവർത്തനങ്ങളുമുള്ള സുഹൃത്തുക്കളെ ഒഴിവാക്കുക.
- അശ്ലീല പ്രസിദ്ധീകരണങ്ങളും ചിത്രങ്ങളും ഒഴിവാക്കുക.
- ലൈംഗിക വിശുദ്ധിക്ക് നിരക്കാത്ത ടി.വി. ചാനലുകൾ, സിനിമകൾ, വെബ് സൈററുകൾ മുതലായവ കാണാതിരിക്കുക.

- സംസാരം, വസ്ത്രധാരണം, വിനോദങ്ങൾ എന്നിവയിൽ അടക്കം പാലിക്കുക.
- പ്രാർത്ഥന, കൂദാശസ്വീകരണം തുടങ്ങിയവയിൽ നിഷ്ഠവയ്ക്കുക.
- വി. ഗ്രന്ഥം, വിശുദ്ധരുടെ ജീവചരിത്രങ്ങൾ, മററ് സൽഗ്രന്ഥങ്ങൾ തുടങ്ങിയ വായിക്കുക.
- പരിശുദ്ധ അമ്മയുടെ മാധ്യസ്ഥവും സംരക്ഷണവും തേടുക.
- പക്വതയുള്ള വ്യക്തികളുടെ ഉപദേശം സ്വീകരിക്കുക.

# നമുക്കു പ്രാർത്ഥിക്കാം

സ്നേഹനിധിയായ ഈശോയെ, ബലഹീനരായ ഞങ്ങളെ വിശുദ്ധിയിൽ വളരുവാൻ അനുഗ്രഹിക്കണമേ.

മനുഷ്യവ്യക്തികളെ

ദൈവമക്കളായി കാണാനും ആദരവോടെ അവരോട് പെരുമാറാനും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്യണമേ.

# നമുക്കു പാടാം

(വഞ്ചിപ്പാട്ട്)



എൻ ശരീരം ദൈവാലയം
ദൈവം വാഴും പൂമന്ദിരം
സൃഷ്ടാവിന്റെ സ്നേഹമതിൽ പങ്കുചേർന്നീടാൻ
ദൈവം കനിഞ്ഞേകിയതാം
ലൈംഗികമാം ശക്തികളെ
നന്ദിയോടെ ഏററുവാങ്ങി സ്തോത്രം പാടിടാം.
നിർമ്മലമീ നീരുറവ
പങ്കിലമായ് തീർത്തിടാതെ
കാത്തീടുക നിത്യവും നാം വിശുദ്ധമായി
വിശ്വസ്തമാം സ്നേഹത്തിന്റെ
സുന്ദരമാം സൗഹൃദത്തെ
പങ്കിടുമീ സർഗ്ഗ ശക്തി ദൈവദാനവും
മർത്യനന്മക്കായിട്ടെന്നും
ഈ ദാനത്തെ അർപ്പിക്കുന്നോർ
ധന്യരായിത്തീർന്നിടുന്നു ദൈവസഭയിൽ
പ്രാർത്ഥനയാൽ ശക്തിനേടി
മോഹങ്ങളും തിന്മകളും
ത്യജിച്ചിടാം പൂർണ്ണമായി ദൈവകൃപയാൽ,
മാതാവിന്റെ മാദ്ധ്യസ്ഥത്താൽ
ശക്തിനേടി നീങ്ങീടുക

**ദൈവവചനം വായിക്കാം;**

**വിവരിക്കാം**

(1 കൊറി .6:12-20)



# വഴി കാട്ടാനൊരു തിരുവചനം

**നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?**

(1 കോറി. 3:16).

# എന്റെ തീരുമാനം

ലൈംഗിക വിശുദ്ധി പാലിക്കാൻ ഞാൻ ശ്രദ്ധിക്കും.

Thank you